## പാടശേഖരങ്ങളിലെ മത്സ്യ വിളവെടുപ്പ് ഏപ്രിൽ 30 വരെ നീട്ടി

മത്സ്യ വിളവെടുപ്പിനായി ആളുകൾ ഒത്തുചേരരുത്

ആലപ്പുഴ: പാടശേഖരങ്ങളിലെ മത്സ്യ വിളവെടുപ്പ് ഏപ്രിൽ 30 വരെ നീട്ടിയതായി ജില്ലാ കളക്ടർ അറിയിച്ചു. നേരത്തെ മാർച്ച് 31 ആയിരുന്നു മത്സ്യ കർഷകർക്ക് പാടശേഖരങ്ങളിലെ മത്സ്യ വിളവെടുപ്പ് എടുക്കാനുള്ള അവസാന തീയതി.
ഏപ്രിൽ 30 വരെ വിളവെടുപ്പ് തീയതി നീട്ടിയതിനാൽ പൊതുജനങ്ങൾ പാടശേഖരങ്ങളിൽ നിന്ന് മത്സ്യം പിടിക്കുന്നത് അനുവദനീയമല്ലെന്ന് ജില്ലാ കലക്ടർ പറഞ്ഞു.

ലോക്ക് ഡൗണും സി.ആർ.പി.സി 144 പ്രകാരമുള്ള നിരോധനാജ്ഞയും നിലനില്ക്കുന്നതിനാൽ മത്സ്യ വിളവെടുപ്പിനായി ആളുകൾ ഒത്തുകൂടരുതെന്നും നിയന്ത്രണങ്ങൾ ലംഘിച്ച് ഒത്തു ചേരുന്നവർ നിയമ നടപടി നേരിടേണ്ടി വരുമെന്നും ജില്ലാകളക്ടർ അറിയിച്ചു.

--